ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05.06.2026**

## പ്രധാനവാർത്തകൾ

1) ഹരിതഭാവിയിലേക്ക് ഇന്ത്യ സുപ്രധാന സംഭാവനകൾ നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ലക്ഷദ്വീപിലെ 885 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും.
2) ലോക പരിസ്ഥിതി ദിനത്തിൽ, രാജ്യമെമ്പാടും വിപുലമായ പരിപാടികൾ. സർക്കാരിന്റെ എല്ലാ വികസന പദ്ധതികളിലും പരിസ്ഥിതി സംരക്ഷണത്തിൻറെ പ്രാധാന്യം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.
3) മയക്കുമരുന്ന് ശൃംഖലയുടെ ഉറവിടം കണ്ടെത്താൻ ഓപ്പറേഷൻ തൂഫാനിലൂടെ കർശന പരിശോധന തുടരുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.
4) കേരളത്തിൽ കാലവർഷം ശക്തമായി. വടക്കൻ ജില്ലകളിൽ അതിതീവ്ര മഴയ്ക്ക് സാധ്യത. കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.
5) മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വനം വകുപ്പ് 100 ദിന കർമപരിപാടി നടപ്പിലാക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ .
6) അണ്ടർ 18 ഏഷ്യാ കപ്പ് ഹോക്കി സെമിഫൈനലിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ.

RIJU TVPM

## വാർത്തകൾ വിശദമായി..........

### പി.എം- ഗുജറാത്ത് & ദാമൻ

ഹരിതഭാവിയിലേക്ക് ലോകമൊന്നടങ്കം മുന്നേറുകയാണെന്നും, ഇന്ത്യ സുപ്രധാന സംഭാവനകളാണ് ഈ ലക്ഷ്യത്തിനായി നൽകുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ഗുജറാത്തിലെ സൂറത്തിൽ 18,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. വഡോദര-മുംബൈ എട്ട് വരി എക്സ്പ്രസ് വേ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. ദമനിൽ 2,970 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം അൽപസമയത്തിനകം തുടക്കം കുറിക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

### ലക്ഷദ്വീപ്- (ഇൻട്രോ)

**ലക്ഷദ്വീപിൻറെ തുറമുഖ വികസന ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച് കടമത്ത്, കൽപ്പേനി ദ്വീപുകളിലെ നാല് തുറമുഖ ജെട്ടികളുടെ നിർമ്മാണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തറക്കല്ലിടും. ദമനിൽ നടക്കുന്ന പൊതുപരിപാടിയിലാണ്, ലക്ഷദ്വീപിലെ 885 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കുക.**

വിശദാംശങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം ......

(വോയിസ്....)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

### പരിസ്ഥിതി ദിനം- പി.എം

ലോക പരിസ്ഥിതി ദിനത്തിൽ, രാജ്യമെമ്പാടും വിപുലമായ പരിപാടികൾ. പ്രധാനമന്ത്രിയുമുൾപ്പെടെ പ്രമുഖർ പരിസ്ഥിതി ദിനാശംസകൾ നേർന്നു. പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര വളർച്ചയ്ക്കുമുള്ള പ്രതിബദ്ധത ഊട്ടി ഉറപ്പിക്കുന്ന ദിനമാണിതെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. പരിസ്ഥിതി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ തിരുവനന്തപുരത്ത് നിർവഹിച്ചു. സർക്കാരിന്റെ എല്ലാ

വികസന പദ്ധതികളിലും പരിസ്ഥിതി സംരക്ഷണത്തിൻറെ പ്രാധാന്യം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## രമേശ് ചെന്നിത്തല (ഇൻട്രോ)

ഓപ്പറേഷൻ തൂഫാനിലൂടെ മയക്കുമരുന്നിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. മയക്കുമരുന്ന് ശൃംഖലയുടെ ഉറവിടം കണ്ടെത്താൻ കർശന പരിശോധന തുടരും. ഇതിനായി പ്രത്യേക ഇൻറലിജൻസ് സംഘത്തെ നിയോഗിച്ചതായും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. പൊതുജനങ്ങൾക്ക് ഇതു സംബന്ധിച്ച രഹസ്യവിവരങ്ങൾ നൽകാൻ മൂന്ന് നമ്പറുകളും പുറത്തിറക്കി. രഹസ്യ വിവരങ്ങൾ നൽകുന്നവരുടെ സ്വകാര്യത സംരക്ഷിക്കുമെന്നും മന്ത്രി ഉറപ്പ് നൽകി.

(വോയിസ്....)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## മഴ- കേരളം

കേരളത്തിൽ കാലവർഷം ശക്തമായി. വടക്കൻ കേരളത്തിൽ അതിതീവ്രമഴയ്ക്ക് സാധ്യത. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. നാളെ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. മറ്റന്നാളും മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും കണക്കിലെടുത്ത് കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. വ്യാപകമായ മഴക്കെടുതികളും സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്നുണ്ട്. മരങ്ങൾ വീണ് വിവിധ ജില്ലകളിൽ വീടുകൾക്ക് നാശനഷ്ടമുണ്ടായി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNUTVPM

## കാസർഗോഡ്- അവധി

അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട്, കാസർകോട് ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർമാർ നാളെ അവധി പ്രഖ്യാപിച്ചു. റസിഡൻഷ്യൽ സ്കൂളുകൾക്ക് അവധി ബാധകമല്ല. മുൻകൂട്ടി നിശ്ചയിച്ച സർവകലാശാല, പൊതു പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റമുണ്ടായിരിക്കുന്നതല്ല.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## വൻ മതിൽ ഇടിഞ്ഞുവീണു

കനത്ത മഴയെ തുടർന്ന്, കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട് ഹോസ് ദുർഗ് യു ബി എം സി സ്കൂളിന് സമീപമുള്ള വലിയ മതിൽ ഇന്ന് ഉച്ചയോടെ ഇടിഞ്ഞു വീണു. അപകടസമയത്ത് പരിസരവാസികൾ പ്രദേശത്ത് ഇല്ലാതിരുന്നതിനാൽ വൻ ദുരന്തം ഒഴിവായി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കോഴിക്കോട് - മഴ

കോഴിക്കോട് നഗരത്തിൽ ശക്തമായ മഴ. വിവിധ ഇടങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടു. ബീച്ച് റോഡിലാണ് വെള്ളക്കെട്ട് രൂക്ഷം. വീശിയടിച്ച കാറ്റിൽ കടകളുടെ മേൽക്കൂരയ്ക്ക് കേടുപാടുകൾ സംഭവിച്ചു. പലയിടങ്ങളിലും വൈദ്യുതി തടസ്സവും നേരിടുന്നുണ്ട് . ചിന്താവളപ്പ് ജംഗ്ഷന് സമീപം റോഡിലേക്ക് മരം വീണെങ്കിലും ആളപായമുണ്ടായില്ല..

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## മേപ്പാടി- ജാഗ്രത നിർദേശം

വയനാട്ടിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ പ്രത്യേക ജാഗ്രത നിർദ്ദേശം . നാളെയും മറ്റന്നാളും ഗ്രാമപഞ്ചായത്ത് പരിധിയിൽ വിനോദസഞ്ചാര

PNU TVPM

കേന്ദ്രങ്ങൾ തുറക്കാൻ പാടില്ല . റിസോർട്ടുകൾ , ഹോംസ്റ്റേ, ഉൾപ്പെടെ പ്രവർത്തിപ്പിക്കരുതെന്നും നിർദേശമുണ്ട് .

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കണ്ണൂർ വോയിസ് കാസ്റ്റ്- (ഇൻട്രോ)

**കണ്ണൂർ ജില്ലയിൽ മഴ ശക്തമായി. ജില്ലയിൽ ഇന്ന് പരക്കെ മഴ അനുഭവപ്പെട്ടു**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ....**

**(വോയിസ്..)**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഷിബു ബേബി ജോൺ

മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കേരള വനം വകുപ്പ് 100 ദിന കർമപരിപാടി നടപ്പിലാക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ . സംസ്ഥാനത്ത് നിലവിലുള്ള 2,000 കിലോമീറ്റർ സൗരോർജ വേലികൾ പൂർണ പ്രവർത്തനക്ഷമമാക്കുന്നതിനോടൊപ്പം, 100 കിലോമീറ്റർ പുതിയ സൗരോർജ വേലികളും 100 ദിവസത്തിനുള്ളിൽ സ്ഥാപിക്കും. വനമേഖലയോട് ചേർന്ന റോഡുകളുടെ ഇരുവശങ്ങളിലുമുള്ള അടിക്കാടുകൾ വെട്ടിത്തെളിച്ച് വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂട്ടി തിരിച്ചറിയാൻ സൗകര്യമൊരുക്കുമെന്നും മന്ത്രി തിരുവനന്തപുരത്തെ വനം വകുപ്പ് ആസ്ഥാനത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## എറണാകുളം - പര്യത്തുകാവ് ഉന്നതി

എറണാകുളം മലയിടംതുരുത്തിലെ പര്യത്തുകാവ് ഭൂമി തർക്കത്തിൽ ജൂൺ 16 നകം പരിഹാരമുണ്ടാകുമെന്ന് മന്ത്രി റോജി എം ജോൺ. ഇരുവിഭാഗങ്ങളുമായും ചർച്ച ചെയ്ത ശേഷം മാത്രമേ തീരുമാനം എടുക്കൂ എന്നും ജില്ലാകളക്ടറുടെ ചേമ്പറിൽ നടത്തിയ ചർച്ചയ്ക്ക് ശേഷം മന്ത്രി അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## പോളിയോ ഇമ്മ്യൂണൈസേഷൻ

സംസ്ഥാനത്ത് പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ഈ മാസം 28ന്. അഞ്ച് വയസുവരെയുള്ള 19.8 ലക്ഷം കുഞ്ഞുങ്ങൾക്ക് പോളിയോ തുള്ളിമരുന്നു നൽകും. പരിപാടിയുടെ ക്രമീകരണങ്ങൾ പൂർത്തിയായതായും, എല്ലാ കുഞ്ഞുങ്ങൾക്കും തുള്ളിമരുന്ന് നൽകാൻ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്നും ആരോഗ്യ മന്ത്രി കെ മുരളീധരൻ അഭ്യർത്ഥിച്ചു. തുള്ളിമരുന്ന് നൽകുന്നതിനായി 22,288 ബൂത്തുകൾ സംസ്ഥാനത്ത് സജ്ജീകരിക്കും.

## എച്ച് വൺ എൻ വൺ

എറണാകുളം ജില്ലയിലെ ചില പ്രദേശങ്ങളിൽ എച്ച് വൺ എൻ വൺ സംശയിക്കുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പ് പ്രത്യേക ജാഗ്രതാനിർദ്ദേശം പുറപ്പെടുവിച്ചു. പനി,ചുമ, തുമ്മൽ,മൂക്കൊലിപ്പ്, തൊണ്ടവേദന തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർ എത്രയും വേഗം ചികിത്സ തേടി വിശ്രമിക്കുകയും മറ്റുള്ളവരുമായി ഇടപഴകാതിരിക്കുകയും വേണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ പുറത്തിറക്കിയ നിർദ്ദേശത്തിൽ പറയുന്നു. ഗർഭിണികൾ, അനുബന്ധ രോഗങ്ങൾ ഉള്ളവർ, ഗുരുതര രോഗങ്ങൾക്ക് ചികിത്സയിലുള്ളവർ, 5 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ എന്നിവർ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടേണ്ടതാണ്.

RNU TVPM

## ഏഷ്യാ കപ്പ് ഹോക്കി

ജപ്പാനിൽ നടന്ന അണ്ടർ 18 ഏഷ്യാ കപ്പ് പുരുഷ ഹോക്കി സെമിഫൈനലിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ . മൂന്നിനെതിരെ 5 ഗോളുകൾക്കാണ് ഇന്ത്യയുടെ ജയം . ശനിയാഴ്ച നടക്കുന്ന ഫൈനലിൽ ഇന്ത്യ ജപ്പാനെയാണ് നേരിടുക.